


# VERB + OBJECT+ PREPOSITION

എ.കെ. അബ്ദുൽ മജീദ്



റംല ജസ്സിയോട്: Where did you buy this stud from?
ജസ്സി തിരിച്ച്: I bought this stud from my uncle's shop

മേൽ സംഭാഷണത്തിലെ രണ്ടു വാക്യങ്ങളിലും അടിവരയിട്ട ഭാഗം ശ്രദ്ധിച്ചാൽ
Verb + Object+ Preposition എന്ന ഒരു ബന്ധം/ ക്രമം കാണാം. 'നീ എവിടുന്നാണ് ഈ കമ്മൽ വാങ്ങിയത്?' എന്നാണ് ചോദ്യം. 'bought' എന്ന Verb ഉം 'Stud' എന്ന object ഉം from എന്ന Preposition ഉം ക്രമപ്രകാരം ചേരുമ്പോഴാണ് ഉദ്ദേശിച്ച ആശയം ലഭിച്ചത്.

The hen protects the chicks from the crow.
(തള്ളക്കോഴി കുഞ്ഞുങ്ങളെ കാക്കയിൽനിന്നും സംരക്ഷിക്കുന്നു) എന്ന വാക്യം നോക്കുക. അടിവരയിട്ട പദങ്ങളുടെ ക്രമം Verb + Object+ preposition എന്നാണെന്നു കാണാം.

ഇങ്ങനെയുള്ള പത്തു വാക്യങ്ങൾ അർത്ഥസഹിതം താഴെ കൊടുക്കുന്നു. സമാനമായ പത്തു വാക്യങ്ങൾ നിങ്ങളും തയ്യാറാക്കുക.

1. The teacher divided the class into five groups. (അധ്യാപകൻ ക്ലാസിനെ 5 ഗ്രൂപ്പുകളായി തിരിച്ചു)

2. I regard my father as a hero (ഞാൻ എന്റെ പിതാവിനെ ഒരു നായകനായി കണക്കാക്കുന്നു)

3. Don't forget to thank Abin for his help.
(എബിൻ നൽകിയ സഹായത്തിന് അവനു നന്ദി പറയാൻ മറക്കരുത്)





4. I Sent an S.M.S to her
(ഞാനവൾക്ക് ഒരു S.M.S അയച്ചു)

5. He borrowed money from his brother
(അവൻ തന്റെ സഹോദരനിൽ നിന്നും പണം കടംവാങ്ങി)

6. Please add some sugar to the tea
(ചായയിൽ അൽപം പഞ്ചസാര ഇടൂ)

7. I prefer coffee to tea
(ഞാൻ ചായയെക്കാൾ കാപ്പിക്ക് മുൻഗണന നൽകുന്നു.)

8. We told the principal about the shortage of water.
(വെള്ളം കുറവാണ് എന്നതിനെപ്പറ്റി ഞങ്ങൾ പ്രിൻസിപ്പലിനോട് പറഞ്ഞു)



9. Western ghats protect us from the hot wind.
(പശ്ചിമഘട്ടം നമ്മെ ചുടുകാറ്റിൽ നിന്നും സംരക്ഷിക്കുന്നു)

10. They stole `25000 from the shop
(അവർ കടയിൽ നിന്നും 25000 രൂപ മോഷ്ടിച്ചു.)